**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5275** **21-07-2022 - ൽ മറുപടിയ്ക്ക്**

**സർവ്വകലാശാല നിയമന അഴിമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം വിൻസെൻറ് ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീമതി.ഉമ തോമസ്** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കേരള സർവ്വകലാശാലയിൽ ഉത്തരക്കടലാസുകൾ നശിപ്പിച്ച ശേഷം 181 പേരെ അസിസ്റ്റന്റുമാരായി നിയമിച്ചതിന് ഉത്തരവാദികളായവരെ പ്രോസിക്യൂട്ട് ചെയ്യാൻ സർക്കാർ വിജിലൻസ് കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസ് എഴുതിത്തള്ളാൻ ക്രൈംബ്രാഞ്ച് തീരുമാനിച്ചതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഉന്നത വിദ്യാഭ്യാസ വകുപ്പ് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | കേരള യൂണിവേഴ്സിറ്റിയിലെ അസിസ്റ്റന്റ് ഗ്രേഡ് തസ്തികയിലെ നിയമനങ്ങൾ സംബന്ധിച്ച് ക്രൈംബ്രാഞ്ച് ക്രൈം.നം.133/CB/CU-I/TVM/2011 എന്ന നമ്പറിൽ ഒരു കേസന്വേഷണം നടത്തിയിരുന്നു. അന്വേഷണത്തിന്റെ ഭാഗമായി തെളിവായി കിട്ടേണ്ടിയിരുന്ന OMR Sheet – കൾ ലഭിക്കാൻ സാധ്യതയില്ലാത്ത രീതിയിൽ നശിച്ചുപോയതായി അന്വേഷണ ഉദ്യോഗസ്ഥന് ഉത്തമ ബോദ്ധ്യം വന്നതിനാലും കേസ് തെളിയിക്കുന്നതിനാവശ്യമായ രേഖകളും തെളിവുകളും ശേഖരിക്കാൻ കഴിയാത്തതുകൊണ്ടും ഇതു സംബന്ധിച്ചുള്ള ബഹു.ഹൈക്കോടതിയുടെ വിധി പരിഗണിച്ചും ഈ കേസ് FAD ആയി കണക്കാക്കി റഫർ ചാർജായി കോടതി ഫയലിൽ നിന്നും കുറവ് ചെയ്യുന്നതിന് അഭ്യർത്ഥിച്ച് ക്രൈം ബ്രാഞ്ച് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. എന്നാൽ, പ്രസ്തുത റിപ്പോർട്ട് ബഹു. എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് കോടതി അംഗീകരിക്കാതെ, ക്രൈംബ്രാഞ്ചിനോട് തുടരന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ഉത്തരവായിട്ടുണ്ട്. |
| (ബി) | കേസ് എഴുതിതള്ളാനുള്ള സാഹചര്യം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | (എ)-യിൽ നൽകിയിട്ടുണ്ട്. |
| (സി) | കേസ് എഴുതിതള്ളാനുള്ള ക്രൈംബ്രാഞ്ച് റിപ്പോർട്ട് വിജിലൻസ് കോടതി അംഗീകരിക്കാത്ത സാഹചര്യമുണ്ടോ; എങ്കിൽ പ്രസ്തുത നിയമന തട്ടിപ്പിലെ പ്രതികൾക്ക് ശിക്ഷ ഉറപ്പാക്കാൻ എന്തൊക്കെ തുടർ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | (എ)-യിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ